# അക്കാദമിക് മാസ്റ്റർ പ്ലാൻ

## (2025-26)

## ജി. എച്ച്. എസ്. എസ്. എസ്. തൊടിയൂർ

### കരുനാഗപ്പള്ളി ഉപജില്ല

SUSMI S
(PEN-286036)
HEADMISTRESS
Govt. HSS Thodiyoor

GOVT. H.S.S. THODIYOOR
PIN: 690 523
School Code: 41037
THODIYOOR NORTH P.O.

# ഉള്ളടക്കം


| | |
|---|---|
| വിദ്യാലയചരിത്രം | |
| ലക്ഷ്യങ്ങൾ | |
| മലയാളം | |
| അറബിക് | |
| സംസ്കൃതം | |
| ഇംഗ്ലീഷ് | |
| ഹിന്ദി | |
| സോഷ്യൽ സയൻസ് | |
| ഗണിതം | |
| സയൻസ് (UP) | |
| സയൻസ് (HS) | |

## വിദ്യാലയ ചരിത്രം

കൊല്ലം ജില്ലയിലെ മികച്ച സർക്കാർ വിദ്യാലയങ്ങളിലൊന്നായ തൊടിയൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ 1968 ജൂണിലാണ് സ്ഥാപിതമായത്. കരുനാഗപ്പള്ളി താലൂക്കിൽ തൊടിയൂർ ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ ഹയർ സെക്കൻഡറി സ്കൂളാണിത്.

സാമ്പത്തികമായും സാമൂഹികമായും ഏറെ പിന്നോക്കം നിന്നിരുന്ന തൊടിയൂരിലെ ഗ്രാമീണരിൽ ഭൂരിഭാഗവും നിരക്ഷരരായിരുന്നു. ഗ്രാമവാസികളിൽ നല്ലൊരു ശതമാനം കർഷക തൊഴിലാളികളും ആയിരുന്നു.

പ്രൈമറി മേഖലയിൽ 7 എൽ. പി. സ്കൂളുകളും 3 യു. പി. സ്കൂളുകളും നിലവിൽ ഉണ്ടായിരുന്നെങ്കിലും ഹൈസ്കൂൾ പഠനത്തിന് തൊടിയൂർ ഗ്രാമപഞ്ചായത്തിൽ സൗകര്യങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. യു.പി. പഠനശേഷം കരുനാഗപ്പള്ളിയിലെയും തഴവയിലെയും സ്കൂളുകൾ മാത്രമായിരുന്ന തുടർവിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയം. വാഹന സൗകര്യങ്ങൾ നാമമാത്രമായിരുന്ന അക്കാലത്ത് ഇത് ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു.

തൊടിയൂർ പ്രദേശത്ത് ഒരു ഗവൺമെന്റ് സ്കൂളിന്റെ ആവശ്യകത അന്നത്തെ എം.എൽ.എ നെടുമ്പ്രത്ത് ഉണ്ണികൃഷ്ണപിള്ള ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി. 1968 മെയ് 10 ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി സി എച്ച് മുഹമ്മദ് കോയ ജി. എച്ച്. എസ്. തൊടിയൂർ എന്ന സ്കൂൾ അനുവദിച്ചതായി നിയമസഭയിൽ പ്രഖ്യാപനം നടത്തി. പൊതുപ്രവർത്തകരുടെയും നാട്ടുകാരുടെയും ശ്രമഫലമായി താൽക്കാലിക ഷെഡ് നിർമിച്ച് 1968 ജൂണിൽ തന്നെ സ്കൂളിൽ അധ്യയനം ആരംഭിച്ചു. തുടക്കത്തിൽ 8 A, B, C ക്ലാസ്സുകൾ മാത്രമാണ് ഉണ്ടായിരുന്നത്. 1969 ൽ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടന്നു. 11 മാസം കൊണ്ട് റിക്കോർഡ് വേഗത്തിൽ ഇരുനില കെട്ടിടത്തിന്റെ

പണി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. 1976 ൽ ഹൈസ്കൂളിനോടൊപ്പം യു.പിയും 2004 ൽ ഹയർ സെക്കന്ററിയും അനുവദിച്ചു.

## ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതു വിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് സമഗ്ര ഗുണമേൻമ പദ്ധതി ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് പഠന പ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2023) നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ്സ്റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശനിയമം (2009) മുന്നോട്ടു വെക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. (പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകണം. കലാകായിക പ്രവൃത്തി പരിചയപഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം. സാമൂഹ്യ രംഗത്തെ ധാരണ.

പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം, ഓരോ കുട്ടിയും മൂന്നു ഭാഷയിലെങ്കിലും ആശയവിനിമയശേഷി നേടണം).

- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
- ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- ക്ലാസ്സുമുറികളിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക് മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കും.
- പഠനത്തിൽ പിന്നാക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
- പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.
- സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.

# മലയാളം
# അക്കാദമിക് മാസ്റ്റർപ്ലാൻ
## ജി എച്ച് എസ് എസ് തൊടിയൂർ

തയ്യാറാക്കിയത് - മലയാളം വിഷയസമിതി

അംഗങ്ങൾ - പ്രേംകുമാർ സി കെ

നിധിൻ വി

## ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിലൊന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർഥികളെ നയിക്കുന്നതിൽ സുപ്രധാനപങ്കാണ് വായനയ്ക്കുള്ളത്.

പാഠപുസ്തകങ്ങൾപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർഥികളുടെ സർഗാത്മക ശേഷിയാണ് വികസിതമാകുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ആനന്ദകരമായ അനുഭവമായി പുസ്തകവായനയെ കുട്ടികൾ തിരിച്ചറിയുംവിധമുള്ള നിരന്തരപ്രവർത്തനങ്ങളാണ് 2024-25 അധ്യയനകാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായനസംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുകയെന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്.

## ലക്ഷ്യം

1. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.

2. കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.

3. കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക.

## മാതൃഭാഷാപഠനം - പ്രശ്നങ്ങൾ

1. 5 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.

2. സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.

3. വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല.

## പ്രശ്നവിശകലനം

| കാരണങ്ങൾ | പരിഹാര നിർദ്ദേശം - പദ്ധതി |
|---|---|
| 1. വായനയോടുള്ള താല്പര്യക്കുറവ് | 1. പിറന്നാളിനൊരു പുസ്തകം |
| 2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 2. വായനക്കുറിപ്പ് |
| | 3. കഥ, കവിത, ശില്പശാല |
| 3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ് | 4. സെമിനാർ |
| | 5. ചുവർ മാഗസിൻ |
| 4. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല | 6. കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ |
| | 7. സാഹിത്യപഠനയാത്ര |
| 5. ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 8. വായനക്കൂട്ടം - പുസ്തക ചർച്ച |
| | 9. അഭിമുഖം |

# പ്രവർത്തനപദ്ധതി വിശദീകരണം

പ്രവർത്തനം-1

## പിറന്നാളിനൊരു പുസ്തകം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ<br>മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| പദ്ധതി നടത്തിപ്പ് | വിഷയസമിതി | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| പുസ്തക സമാഹരണം | ലൈബ്രേറിയൻ | ജൂൺ-ഫെബ്രുവരി | | |

പ്രവർത്തനം-2

## വായനക്കുറിപ്പ്

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ-മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂൺ-ഫെബ്രുവരി | 200 | രക്ഷിതാവ് |
| വായനക്കുറിപ്പ് സമാഹരണം | ക്ലാസ്സ് ലീഡർ | ജൂൺ-ഫെബ്രുവരി | | |
| പതിപ്പ് തയ്യാറാക്കൽ | കൺവീനർ<br>വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 500 | PTA |

പ്രവർത്തനം-3

## ശില്പശാലകൾ - കഥ, കവിത,ആസ്വാദനം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂൺ | | |
| ശില്പശാല - കഥ | വിഷയസമിതി | ജൂൺ | | PTA |
| ശില്പശാല - കവിത | വിഷയസമിതി | ജൂലൈ | 2000 | PTA |
| ശില്പശാല - ആസ്വാദനം | വിഷയസമിതി | ആഗസ്റ്റ് | 2000 | PTA |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | 2000 | |

പ്രവർത്തനം-4

## ശില്പശാലകൾ - സെമിനാർ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ആഗസ്റ്റ് | | |
| കേരളപാഠാവലി അടിസ്ഥാന പാഠാവലി യൂണിറ്റിനെ അടിസ്ഥാനമാക്കി സെമിനാർ | വിഷയസമിതി | ആഗസ്റ്റ് | | |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | | |

പ്രവർത്തനം-5

## ചുവർ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| ഉദ്ഘാടനം | വിഷയസമിതി | ജൂൺ | | |
| പദ്ധതി നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ /എഡിറ്റർ | ജൂൺ - ഫെബ്രുവരി | | |

പ്രവർത്തനം-6

## കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| സൃഷ്ടികൾ സ്വീകരിക്കൽ | ക്ലാസ് എഡിറ്റർ | സെപ്റ്റംബർ | | |
| തിരഞ്ഞെടുപ്പ് | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |
| നിർമ്മാണം | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |

പ്രവർത്തനം-7

## സാഹിത്യപഠനയാത്ര

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂലൈ | | |
| പഠനയാത്ര | ടൂർ കൺവീനർ | ജൂലൈ | 10000 | രക്ഷിതാക്കൾ |
| യാത്രാനുഭവക്കുറിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂലൈ | | |
| പതിപ്പ് നിർമ്മാണം | കൺവീനർ വായനക്കൂട്ടം | ജൂലൈ | 500 | PTA |

പ്രവർത്തനം-8

## വായനക്കൂട്ടം - പുസ്തകച്ചർച്ച

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | മെയ് | | |
| വായനക്കൂട്ടം രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| പുസ്തക ചർച്ച - വെള്ളിയാഴ്ചക്കൂട്ടം | കൺവീനർ വായനക്കൂട്ടം | ജൂൺ- ഫെബ്രുവരി | | |

പ്രവർത്തനം-9

## അഭിമുഖം

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| അഭിമുഖം | കൺവീനർ വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 4500 | PTA |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | | | |

# പരിഹാര പ്രവർത്തനം - പദ്ധതി വിശദാംശങ്ങൾ

## 1. പിറന്നാളിനൊരു പുസ്തകം

കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാൾദിനം സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുക എന്നതാണ് ഈ പദ്ധതി. 'പിറന്നാൾ ദിനം അർത്ഥപൂർണ്ണമാക്കാൻ ഇതിലൂടെ കഴിയും. വിദ്യാർഥികൾക്ക് പുതിയ പുസ്തകങ്ങൾ പരിചയപ്പെടാനും ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും ഈ പദ്ധതി സഹായകമാകും. മിഠായി വിതരണം പാടേ ഒഴിവാക്കി പുസ്തകസമ്മാനത്തിലേക്ക് മാറുമ്പോൾ സ്കൂൾ പരിസരത്തെ പ്ലാസ്റ്റിക് വസ്തുക്കളുടെ വ്യാപനം കുറയുകയും ചെയ്യും. ക്ലാസ്മുറികളിൽവച്ച് ടീച്ചറിന്റെ നേതൃത്വത്തിലും അസംബ്ലിയിൽ വച്ച് ലൈബ്രേറിയന്റെ നേതൃത്വത്തിലും കുട്ടികളിൽ നിന്ന് പുസ്തകം സ്വീകരിക്കാവുന്നതാണ്.

## 2. വായനക്കുറിപ്പ്

കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. കാലികവും ശാസ്ത്രിയവുമായ പിന്തുണയുള്ള ഈ സമീപനം കുട്ടികളെ സ്വയംപഠനത്തിലേക്ക് നയിക്കും. ഇതിന് വായനയും റഫറൻസും പഠനപ്രക്രിയയുടെ ഭാഗമായി നടക്കണം. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പുസ്തകങ്ങൾ പരിചയപ്പെടുന്നതിനുമുള്ള പദ്ധതിയാണ് വായനക്കുറിപ്പ്.എല്ലാ ദിവസവും ക്ലാസ് ആരംഭിക്കുമ്പോൾ ടീച്ചറുടെ നേതൃത്വത്തിൽ വായനക്കുറിപ്പ് അവതരണം നടത്തണം. ഓരോ ആഴ്ചയിലെയും മികച്ച കുറിപ്പുകൾ വായനക്കൂട്ടം കൺവീനർ സമാഹരിച്ച് ഏറ്റവും മികച്ചത് തെരഞ്ഞെടുത്ത് സ്കൂൾ അസംബ്ലിയിൽ വെച്ച് വായിക്കണം. അവതരിപ്പിക്കുന്ന കുട്ടിക്ക് അസംബ്ലിയിൽ വെച്ച് സമ്മാനവും നൽകണം. മികച്ച വായന കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കി പ്രകാശനം നടത്തണം.

## 3. കഥ, കവിത, ആസ്വാദനം -ശിൽപശാല

കുട്ടികളുടെ സർഗാത്മകശേഷി കണ്ടെത്താനും പരിപോഷിപ്പിക്കാനും ശില്പശാലകൾക്ക് കഴിയും. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കണം. ഭാഷാ അധ്യാപകർക്ക് പുറമേ സാഹിത്യ ആസ്വാദകരായ മറ്റു അധ്യാപകർ, പ്രാദേശിക എഴുത്തുകാർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഉപയോഗപ്പെടുത്താവുന്നതാണ്. ഓരോ ശില്പശാലയും ഡോക്കുമെന്റ് ചെയ്യണം. കുട്ടികളിൽ ഉണ്ടായ മാറ്റം അടയാളപ്പെടുത്തണം.

## 4. സെമിനാർ

അന്വേഷണാത്മക പഠനത്തിന്റെയും വിമർശനാത്മക പഠനത്തിന്റെയും അനന്തസാധ്യതകൾ തുറന്നിടുന്നതാണ് സെമിനാർ. പാഠപുസ്തകങ്ങളിലെ വിഷയത്തെ അടിസ്ഥാനമാക്കിയാവണം സെമിനാർ നടത്തേണ്ടത്. ക്ലാസ്, സ്കൂൾ തലങ്ങളിൽ സംഘടിപ്പിക്കണം. ഓരോ ക്ലാസിലെയും കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വിഷയങ്ങൾ നൽകണം. ഇത് കുട്ടികളിൽ സംഘബോധം വളർത്തും. സ്കൂൾതല സെമിനാർ ഡോക്കുമെന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## 5. ചുമർ മാഗസിൻ

ഓരോ ക്ലാസിനും ചുമർ മാഗസിൻ ഉണ്ടായിരിക്കണം. ക്ലാസ് മുറിക്കുള്ളിൽത്തന്നെ അതിനായി അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കണം. കഥ, കവിത, ലേഖനം, വാർത്തകൾ, കാർട്ടൂണുകൾ തുടങ്ങി വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉൾപ്പെടുത്തണം. ഓരോ ആഴ്ചയിലും പുതിയ സൃഷ്ടികൾ പതിക്കണം. ഇതിനായി പത്രാധിപസമിതി തിരഞ്ഞെടുക്കണം

## 6. കൈയെഴുത്ത് / ഡിജിറ്റൽ മാഗസിൻ

പഠന പ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടെയും ഭാഗമായി ധാരാളം രചനകൾ കുട്ടികൾ വികസിപ്പിക്കാറുണ്ട്. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ മാഗസിൻ വികസിപ്പിക്കണം. മാഗസിന്റെ വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തണം. ക്ലാസ്സുകൾ തമ്മിൽ മത്സരവും കുട്ടികൾക്ക് പ്രോത്സാഹനവും നൽകണം. ഇതിനായി ക്ലാസ് തല പത്രാധിപസമിതി രൂപീകരിക്കണം. ചുമർ മാഗസിനിലെ സൃഷ്ടികൾ ഉപയോഗിക്കാവുന്നതാണ്.

### 7. സാഹിത്യപഠനയാത്ര

മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് അവയുടെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിയുന്നതിനുള്ള പദ്ധതി. ഇതിന്റെ പ്രാധാന്യം ക്ലാസ് പി റ്റി എയിൽ അവതരിപ്പിക്കുകയും രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ അധ്യാപകരും കുട്ടികളും ക്ലാസ് അടിസ്ഥാനത്തിൽ പഠനയാത്ര നടത്തണം. ഇതിന്റെ ഡോക്യുമെന്റേഷൻ തയ്യാറാക്കണം. ഭാഷയോടും കേരളസംസ്കാരത്തോടും ആദരവും സ്നേഹവും വളർത്തുവാൻ ഇത് സഹായിക്കും.

# അറബിക്

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# (2025-26)

തയ്യാറാക്കിയത്:
മുഹമ്മദ് അൻവർ

## ഗവൺമെൻറ് എച്ച്.എസ്സ്.എസ്സ് തൊടിയൂർ

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

### അറബിക്ക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം |
|---|---|---|---|
| വായന : - കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക , വായനശീലം വളർത്തുക | ലൈബ്രറിയിൽ അറബിക്പുസ്തകങ്ങൾ ശേഖരിക്കുന്നു........ കഥകൾ , കവിതകൾ , ചിത്രകഥകൾ .......... | ജൂൺ - നവംബർ | ലൈബ്രറി പുസ്തകങ്ങൾ |
| എഴുത്ത് : - എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുക | ഓരോ ക്ലാസ്സുകളിലും അറബിയിൽ ചെറുകഥകളും കവിതകളും മറ്റ് വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. | സെപ്റ്റംബർ നവംബർ | |
| | എല്ലാ ദിവസങ്ങളിലും പകർത്തി എഴുത്ത് നിർബന്ധമാക്കുന്നു. | | |
| പ്രതിഭകളെ കണ്ടെത്തൽ : - അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | അറബി സാഹിത്യോത്സവ മത്സരങ്ങളിൽ എല്ലാ ഇനങ്ങളിലും മത്സരിക്കുന്നതിന് വേണ്ടിയുള്ള പ്രതിഭകളെ കണ്ടെത്തുന്നു. മത്സരത്തിൽ പങ്കെടുത്ത് വിജയിക്കുന്നതിനുള്ള പരിശീലനം | ഒക്ടോബർ ഡിസംബർ | |

| | | | |
|---|---|---|---|
| | നൽകുന്നു | | |
| <u>അലിഫ് ടാലൻറ് ടെസ്റ്റ്</u> : - | സംസ്ഥാന തലത്തിൽ നടക്കുന്ന അലിഫ് ടാലൻറ് ടെസ്റ്റിനുള്ള മത്സരാർത്ഥികളെ കണ്ടെത്തുന്നതിന് സ്കൂൾ തലത്തിൽ മത്സരം നടത്തി വിജയികൾക്ക് തുടർ മത്സരങ്ങൾക്ക് പരിശീലനം നൽകുന്നു. | ജൂൺ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

സംസ്കൃത അധ്യാപിക:

സിന്ധു എൻ

# അക്കാദമികമാസ്ററർപ്ലാൻ

## സംസ്കൃതം (H.S)

**പ്രതീക്ഷിത നേട്ടങ്ങൾ**

- സംസ്കൃതപഠനത്തിന് താത്പര്യം ജനിപ്പിക്കുക
- സംസ്കൃത അക്ഷരപഠനം രസകരമാക്കുക
- അക്ഷരസ്ഫുടതയോടെ സംസ്കൃത പദങ്ങൾ വായിക്കുവാനുള്ള കഴിവ് നേടുക.
- സുഭാഷിതങ്ങൾ ആലപിക്കാനുള്ള കഴിവ് നേടുക.
- വാക്യങ്ങൾ എഴുതുവാനുള്ള ശേഷി നേടുക.
- സംസ്കൃതത്തിൽ സംസാരിക്കുവാനുള്ള ശേഷി നേടുക.
- കഥ,കവിത ,എന്നിവ എഴുതാനും, പാടാനും ഉള്ള കഴിവ് വർദ്ധിപ്പിക്കുക..
- ഭാഷാലാബ് നിർമാണം.
- ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കാൻ ശേഷികിട്ടുന്നു.
- വായനകുറിപ്പുകൾ .കയ്യെഴുത്ത് മാസിക തയ്യാറാക്കൽ,പ്രദർശിപ്പിക്കൽ.
- സർഗ വേളകൾ സംഘടിപ്പക്കൽ.
- പഠന-പാഠ്യേതര പ്രവർത്തനങ്ങൾ -മികവുകൾ-സമൂഹത്തിൽ എത്തിക്കൽ.
  (ദിനാചരണങ്ങൾ,സെമിനാർ,കവിയരങ്ങ്,.......)
- ഭാഷാപഠനത്തിനാവശ്യമായ ക്ലാസ് ലാബുകളുടെ നിർ മ്മാണം.
- *ചമ്പൂപ്രഭാഷണം ,വിവർത്തനകാവ്യങ്ങൾ ,സ്ക്രിപ്റ്റ് എന്നിവ അവതരണം
- പ്രകൃതിസ്നേഹം, പരിസ്ഥിതി സംരക്ഷണം , പൗരബോധം,കൃഷി,മാനവികത.......എന്നിങ്ങനെ മൂല്ല്യബോധം

വളർത്താനാവശ്യമായ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളുടെ ആസൂത്രണം ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കാൻ ശേഷികിട്ടുന്നു.

- മാഗസീൻ നിർമ്മാണം.
- സംസ്കൃതവും AI യും.

**പാഠഭാഗവുമായി ബന്ധപ്പെട്ടുവരുന്ന ദിനാചരണങ്ങൾ ക്ലാസ്സലത്തിൽ നടപ്പാക്കൽ.**

**പ്രവർത്തനങ്ങൾ**

| ക്രമസംഖ്യ | മേഖല | പ്രവർത്തനങ്ങൾ | പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | നിർവ്വഹണച്ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | കേൾവി | സംസ്കൃത കളരി – | സംസ്കൃത ലഘു ഗാനങ്ങൾ കേൾപ്പിക്കുന്നു അക്ഷര ഗാനം.സംഖ്യാ ഗാനം, സുഭാഷിതങ്ങൽ...) എന്നിവ കേൾപ്പിക്കുന്നു | 1 month | Skt trs | | |
| | | | കൂടെ പാടിക്കുന്നു Ict സാധ്യത പരമാവധി | one year | skt trs,stude | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പ്രയോഗിച്ച് പരമാവധി കേൾപ്പിക്കുവാനുള്ള ള്ള അവസരം ഒരുക്കുന്നു. | | nts | | |
| 2 | എഴുത്ത് | എഴുത്ത് രീതി പരിചയപ്പെടുത്തുന്നു<br><br>ഗ്രൂപ്പുകളിൽ വർണ്ണമാലാ ചാർട്ട് നിർമ്മാണം നടത്തുന്നു.<br><br>വാക്യരചന<br>സംഭാഷണരചന<br>പ്രശ്നവാചകപദങ്ങൾ എഴുതുന്നു | അക്ഷരങ്ങളുടെ പുറത്തുകൂടി വീണ്ടും വീണ്ടും എഴുതി പഠിപ്പിക്കുന്നു.കത്തുകൾ യോജിപ്പിച്ച് അക്ഷരങ്ങളുടെ എഴുത്തും വായനയും നടത്തുന്നു ദിവസം ഓരോരോ പദങ്ങൾ ,പിന്നെ വാക്യങ്ങൾ എഴുതിക്കുന്നു, ഗ്രൂപ്പുകളിൽ പ്രദർശിപ്പിക്കുന്നു. ജീവചരിത്രം, ലഘുപന്യാസങ്ങൾ , വിവരണങ്ങൾ എന്നിവ | 1 month<br><br>one year | Skt trs | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കഥാരചന<br><br>സമസ്യാപൂരണം | എഴുതിക്കുന്നു.<br><br>കഥകൾ കളക്ട് ചെയ്യുന്നു ക്ലാസ്തല അവതരണം<br><br>സമസ്യകൾ നൽകുന്നു, പൂരിപ്പിക്കുന്നു.മാതൃക പ്രദർശിപ്പിക്കുന്നു. | | | | |
| 3 | വായന | ഭാഷാലാബ് നിർമ്മാണം | മധുവാണി - ഉപയോഗിച്ച് വായിക്കാനും പറയാനും ഗ്രൂപ്പുകളിൽ വർണ്ണമാലാ ചാർട്ട് നിർമ്മാണം നടത്തുന്നു.<br>ശബ്ദകോശം<br>ചിത്രപദകോശം<br>സംഖ്യാകോശം<br>വാക്യരചന<br>സംഭാഷണരചന<br>പ്രശ്നവാചകപദങ്ങൾ എഴുതുന്നു | One year | Trs.students | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പുസ്തകവായന<br>കഥാവായന<br>കാവ്യാലാപനം | പരിചയപ്പെടുത്തുന്നു<br>വായിപ്പിക്കുന്നു.<br>വാർത്തവായന<br>നടത്തുന്നു.<br>പുസ്തകപരിചായനം<br>കഥാകഥനം<br>ക്ലാസ് ഗ്രൂപ്പുകളിൽ<br>ചൊല്ലിയിടീക്കുന്നു. | | | | |
| 4 | അവതരണം | അക്ഷരശ്ലോക സദസ്<br>സംഭാഷണം<br>നാടകാഭിനയം | ശ്ലോകങ്ങൾ<br>വായിപ്പിക്കുന്നു.<br>എഴുതിപ്പിക്കുന്നു.<br>അക്ഷരമാലാക്രമത്തിൽ<br>എഴുതിപ്പിക്കുന്നു<br>ചൊല്ലിപ്പിക്കുന്നു.<br>ക്ലാസ്സ്തലമത്സരം ,സ്കൂൾ<br>തല മത്സരം നടത്തുന്നു.<br>ക്ലാസ്സ്തലത്തിൽ<br>ലഘുസംഭാഷണം<br>നടത്തുന്നു.<br>സ്കിറ്റ് അവതരണം<br>പാഠഭാഗത്തിലെ<br>നാടകാംശം | One year | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | അവതരണം. | | | | |
| 5 | ചിത്രീകരണം | വിവിധഡോക്യുമെന്ററികൾ നിർമ്മിക്കൽ<br><br>AI സംസ്കൃതത്തിൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ചെറുവീഡിയോകൾ നിർമ്മിക്കുന്നു. ക്ലാസ്ഗ്രൂപ്പുകളിൽ അവതരിപ്പിക്കുന്നു.<br><br>AI സാധ്യത പരിചയപ്പെടുന്നു. | One year | Trs,students | | |

# ACADEMIC MASTER PLAN ENGLISH

**PREPARED**

**BY**

**ENGLISH SUBJECT COUNCIL**

**MEMBERS**
**ANILA L**
**SHEEBA P M**

| യു പി ഹൈസ്കൂൾ - ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1ഇംഗ്ലീഷ് വായിക്കാനും എഴുതാനും എല്ലാ കുട്ടികളെയും പ്രാപ്തമാക്കുക | • English Reading time<br>• English library visit<br>• English story time<br>• Use of flash cards (making and reading)<br>• One word a day<br>• English Assembly<br>• English listening time ( Listen and learn)<br>• English writing time | ആഴ്ചയിൽ | ടീച്ചേഴ്സ് | PTA |
| 2.ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | • English speaking games<br>• School English voice<br>• Role play | ആഴ്ചയിൽ | ടീച്ചേഴ്സ്SRG | SRG |
| 3. Creative writing | ചിത്രവായന, News writing competitions skit (script writing)puppet show , choreography, Book Review Magazine preparation,English Fest | അക്കാദമിക വർഷം | PTA, SRG, ടീച്ചേഴ്സ് | EnglishClub, PTA, SRG |

ACADEMIC MASTER PLAN--- HINDI

# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-2026**

ഹിന്ദി അധ്യാപിക

രാജി. എസ്. ആർ

ഹേമറാണി. കെ. എൽ

**മേഖല : ഭാഷാപഠനം** **ഉപ മേഖല: ഹിന്ദിഭാഷാപഠനം**

**ലക്ഷ്യങ്ങൾ :**

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടം എല്ലാകുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

**<u>പ്രവർത്തനങ്ങൾ</u>**

1. ഹിന്ദി തിരിച്ചറിയൽ കാർഡ്
2. ഹഫ്തെ കാ ശബ്ദ് (ആഴ്ച്ചയിലെ വാക്ക്)
3. ഹിന്ദി പ്രശ്നോത്തരി
4. ഹിന്ദി പ്രദർശന ബോർഡ്
5. ഹിന്ദി നോട്ടു പുസ്തകം സമഗ്രവും ആകർഷകവുമാക്കുക
6. ഐ സി ടി ഉപയോഗം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കൽ
7. ഹിന്ദി ക്ലബ് പ്രവർത്തനം കാര്യക്ഷമമാക്കൽ

. ഹിന്ദി ക്ലബ്

ഹിന്ദി കൈയ്യെഴുത്ത് മാസിക

9\. ദിനാചരണങ്ങൾ ഹിന്ദിയിൽ

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പാക്കൽ. ഹിന്ദി അക്ഷരങ്ങൾ മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം. ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# പ്രവർത്തന പദ്ധതി

| പ്രവർത്തനം | വിശദാംശങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | നടപ്പാക്കുന്ന ഏജൻസി | പ്രതീക്ഷിക്കുന്ന നേട്ടം |
|---|---|---|---|---|---|---|
| ഹിന്ദി ബിഡിച്ചൂറിയൽ കാർഡ് | അഞ്ചാം ക്ലാസ്സ് കുട്ടികൾക്കും പേര്, സ്കൂൾ, ക്ലാസ്സ് വിലാസം ഉൾപ്പെടുത്തിയ കാർഡ് (ഹിന്ദി പഠനത്തിനു മാത്രം) | JUNE-JULY 2025 | ഹിന്ദി അധ്യാപകൻ /ഹിന്ദി ക്ലബ് | | ഹിന്ദി ക്ലബ് | अपने बारे में लिखना, प्रोफाइल तैयार करना, विविध प्रकार के नाम पहचानना अपने दोस्तों के नाम पहचानना |
| ഹഫ്തേ കാ ശബ്ദ് (ആഴ്ചയിലെ വാക്ക്) | ഓരോ ആഴ്ചയും ഓരോ പുതിയ വാക്ക് (കേന്ദ്രസർക്കാർ ഓഫീസുകളിൽ ഉപയോഗിക്കുന്ന വാക്കുകൾ) കുട്ടികളെ പരിചയപ്പെടുത്തുന്നു | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ /ഹിന്ദി ക്ലബ് | ——— | ഹിന്ദി ക്ലബ് | शब्द भण्डार का विकास नये नये शब्दों को जानना. |

| | | | | | | |
|---|---|---|---|---|---|---|
| ഐ സി ടി ഉപയോഗം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കൽ | പാഠഭാഗങ്ങൾ ഐ സി ടി സഹായത്തോടെ ലളിതമാക്കുന്നു.<br>പ്രധാനപ്പെട്ടവ ppt തയ്യാറാക്കി അവതരിപ്പിക്കുന്നു | ജൂൺ 2025 മുതൽഹിന്ദി അധ്യാപകൻ /ഹിന്ദി ക്ലബ് | ഹിന്ദി അധ്യാപകൻ /ഹിന്ദി ക്ലബ് | | ഹിന്ദി ക്ലബ് | हिंदी पढने में रुचि बढती है।<br>आसानी से पाठ्भाग का आशय समझलेता है। |
| ഹിന്ദി പ്രദർശന ബോർഡ് | ഹിന്ദി പ്രദർശന ബോർഡ് തയ്യാറാക്കി വയ്ക്കുന്നു. | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ /ഹിന്ദി ക്ലബ് | | ഹിന്ദി ക്ലബ് | विविध समाचारों की जानकारी<br>हिंदी पढने में रुचि बढती।<br>बच्चों की उपज का प्रदर्शन |
| ദിനാചരണങ്ങൾ | ദിനാചരണങ്ങൾ ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ്സ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് നടത്തുന്നു | ജൂൺ 2025 മുതൽ | ഹിന്ദി അധ്യാപകൻ /ഹിന്ദി ക്ലബ് | ——— | ഹിന്ദി ക്ലബ്<br>എസ് ആർ ജി | दिनों की जानकारी<br>पोस्टर तैयार करना,<br>सन्देश वाक्य लिखना,<br>भाषण,समाचार तैयार करना,विवरण,लेख लिखना,......। |

# സോഷ്യൽ സയൻസ്

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## (2025-26)

തയ്യാറാക്കിയത്:
സലാം എ
അനീഷ് കുമാർ

അക്കാദമിക് മാസ്റ്റർ പ്ലാൻ-2025-26

തയ്യാറാക്കിയത് :സോഷ്യൽ സയൻസ്

അംഗങ്ങൾ:. സലാം.എ,അനീഷ് കുമാർ

| Sl.no | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്ര ബോധമുള്ളവരാക്കുക, ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | നിശ്ചയിച്ച തീയതികളിൽ (അക്കാദമിക വർഷം) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | കുട്ടികൾ,അധ്യാപകർ |
| 2 | ജനാധിപത്യം ഒരു ജീവിത ശൈലിയായി മാറ്റി എടുക്കുക,പൗര ബോധം,മൂല്യ ബോധം എന്നിവ വളർത്തുക. | സ്കൂൾ പാർലമെന്റ്,ഭരണ ഘടന പതിപ്പ് തയ്യാറാക്കൽ,പൗര ബോധം,സാമൂഹ്യ ബോധം എന്നിവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക് വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്തുള്ള ദിനങ്ങളിൽ. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ,കുട്ടികൾ |
| 3 | ഭൂപട വായന കുട്ടികളിൽ വളർത്തുക,സ്ഥല നിർണ്ണയം നടത്തുവാൻ പഠിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്ന അറ്റ്ലസ് നിർമ്മാണം | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4 | വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും,ജലശയങ്ങളെ കുറിച്ചും,കാറ്റുകൾ,സമു | വ്യത്യസ്ത മേഖലകളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | അക്കാദമിക് വർഷം മുഴുവൻ | ☐ സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | ദ്വീപുകൾ,പർവതങ്ങൾ ഇവ പരിചയപ്പെടുത്തുക എന്ന ലക്ഷ്യം | | | | |
| 5 | ചരിത്രവബോധമുണ്ടാക്കുന്നതിനും,ചരിത്ര പഠനം രസകരമാക്കുന്നതിനും ഒരു ചരിത്ര മ്യൂസിയം. | വിദ്യാലയത്തിലെ കുട്ടികൾ,രക്ഷിതാക്കൾ,അധ്യാപകർ എന്നിവരിൽ നിന്നും ശേഖരിക്കുന്ന പുരാവസ്തുക്കളും,പൈതൃക രേഖകളും ഉൾപ്പെടുത്തി മ്യൂസിയം തയ്യാറാക്കുന്നു. | ദീർഘ കാലം | സാമൂഹ്യ ശാസ്ത്ര അധ്യാപക ർ,ss club | PTA,SMC,ss ക്ലബ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## യു പി സയൻസ്

തയ്യാറാക്കിയത്
ഹസീന എ കെ

## അക്കാദമിക മാസ്റ്റർ പ്ലാൻ യുപി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വബോധവും വ്യക്തി ബോധവും സൃഷ്ടിക്കുക ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം | ശുചിത്വ സർവ്വേ ക്ലാസുകൾ, പോസ്റ്റർ രചന മത്സരം, അവതരണങ്ങൾ, കുറിപ്പുകൾ തയ്യാറാക്കൽ, ചാർട്ട്, ആൽബം തയ്യാറാക്കൽ ഇവയുടെ പ്രദർശനം | ആദ്യ രണ്ടാഴ്ച, ജൂൺ- ജൂലൈ | ക്ലാസ് ടീച്ചർ, സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| പ്രകൃതി വിഭവ സംരക്ഷണം | മഴക്കുഴി നിർമ്മാണം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | അക്കാദമിക വർഷം | പിടിഎ സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | പിടിഎ |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണങ്ങൾ വീടിനകത്തും | അക്കാദമിക വർഷം | ക്ലാസ് ടീച്ചർ | സയൻസ് ക്ലബ്ബ് |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു ഫീൽഡ് ട്രിപ്പ് ശാസ്ത്ര പാർക്ക് സന്ദർശനം | ശാസ്ത്ര മാസികകൾ ഐസിടി സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ജീവിതചരിത്രം തുടങ്ങിയവ പഠനവുമായി ബന്ധപ്പെടുത്തുന്നു വീഡിയോ പ്രദർശനം | അക്കാദമിക വർഷം | പിടിഎ സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് ഊർജ്ജക്ലബ്ബ് | പിടിഎ സയൻസ് ക്ലബ് |

# ഗണിതം

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## (2025-26)

തയ്യാറാക്കിയത്:
ജിഷ്ണുരാജ് ആർ
അനീഷ്കുമാർ

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

## Learn Math, Live Math, Love Math

**Vision**

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

**Mission**

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്– ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതിവിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department

# സയൻസ് (HS)

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# (2025-26)

തയ്യാറാക്കിയത്:
ജൂബി ഫിലിപ്പ്
സൗമ്യ എസ്
സിതാര എസ്

## മേഖല -ഹൈസ്കൂൾ -സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1.ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുന്നു | 1.ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ( ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങൾ ഉദാ: ചാന്ദ്രദിനം)<br>2.ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>3.വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം ഒരു തവണ<br>അക്കാദമിക വർഷം ഒരു തവണ | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് | പി. ടി. എ |
| 2..കൗതുകം,നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | 1.ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുൻപിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു,<br>2.പാഠപുസ്തകവുമായി ബന്ധപ്പെട്ട വസ്തുക്കൾ പ്രദർശിപ്പിക്കുന്നു.<br>3.ക്ലാസുകളിൽ പ്രോജക്ടുകൾ കൊടുത്ത് മെച്ചപ്പെട്ടത് സ്കൂൾ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ സയൻസ് ക്ലബ്ബ് | പി. ടി. എ |

# മേഖല -ഹൈസ്കൂൾ -സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3.ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. സയൻസ് ലാബ് പാഠഭാഗത്തിനനുസരിച്ച് ക്രമീകരിക്കൽ. | 1.ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി<br>2.ശാസ്ത്ര മാഗസിൻ പ്രസിദ്ധീകരണം.<br>3.സയൻസ് ലാബ് പാഠഭാഗത്തിനനുസരിച്ച് ക്രമീകരിക്കൽ.<br>4.Virtual റിയാലിറ്റി ക്ലാസ്സിൽ കാണിച്ചു കൊടുക്കുന്ന പ്രോഗ്രാം ക്രമീകരിക്കുക | ജൂലൈ, ആഗസ്റ്റ് | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി. ടി. എ |
| 4.അന്വേഷണ ത്വര വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ. | 1.സ്കൂൾതലത്തിൽ ശാസ്ത്ര ക്വിസ്സുകൾ നടത്തുക സെമിനാറുകൾ സംഘടിപ്പിക്കുക പോസ്റ്റർ രചന മത്സരങ്ങൾ ക്രമീകരിക്കുക<br>2.സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ് സെമിനാർ പ്രോജക്ട് മുതലായ വ യിൽ പങ്കെടുക്കുക.<br>3.പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുക,<br>സ്കൂൾ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി. ടി. എ |

| | | | | |
|---|---|---|---|---|

## മേഖല -ഹൈസ്കൂൾ -സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5.ഗ്രീൻ പ്രോട്ടോകോൾ പാലിക്കുക | 1.പ്ലാസ്റ്റിക് നിരോധിതമാക്കുക.<br>2.പരിസരം വൃത്തിയായി സൂക്ഷിക്കുക<br>3.വൃക്ഷത്തൈകൾ നടുക | അക്കാദമിക വർഷം | സയൻസ് അധ്യാപകർ,<br>സയൻസ് ക്ലബ്ബ്<br>ഹരിത സേന,സീഡ്. | പി. ടി. എ |

GOVT. H.S.S. THODIYOOR
PIN: 690 523
School Code: 41037
THODIYOOR NORTH P.O.

SUSMI S
(PEN-286036)
HEADMISTRESS
Govt. HSS Thodiyoor